(ബി&സി) ഉണ്ട്. വീരമല, റാണിപുരം എന്നീ കേന്ദ്രങ്ങളുടെ വികസനമാണ് ഡി.പി.ടി.സി. ഇപ്പോൾ നടപ്പിലാക്കുന്നത്. ബേക്കലിന്റെ വികസനം സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. മറ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം ഡി.ടി.പി.സി.-ക്ക് ഏർപ്പെടുത്താവുന്നതാണ്.

കാസർകോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

71 (4012) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) ഈ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർകോഡ് നഗര സൗന്ദര്യവത്ക്കരണം, ചന്ദ്രഗിരിക്കോട്ടയുടെ സംരക്ഷണം, കാറ്റാം കവല-മുട്ടോം കടവ് റോഡ് വികസനം, ടൂറിസ്റ്റ് ഫേസിലിറ്റേഷൻ കേന്ദ്രം, തലപ്പാടിയിൽ ദേശീയപാതയിൽ സ്വാഗതകമാനം നിർമ്മിക്കുക, തളങ്കരയിൽ മറൈൻ അക്വേറിയം സ്ഥാപിക്കുക എന്നിവയാണ് പ്രധാന പദ്ധതികൾ.

(ബി) 30 ലക്ഷം രൂപ.

(സി) ഉണ്ട്.

(ഡി) കാറ്റാം കവല-മുട്ടം കടവ് റോഡ് നിർമ്മാണം, പേ ആന്റ് യൂസ് ടോയ്‌ലറ്റുകളുടെ നിർമ്മാണം എന്നിവയാണ് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനുമുള്ള തുക കൈവശം വച്ച നടപടി

72 (4013) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനുമായി വായ്പ അനുവദിക്കുന്ന പദ്ധതിക്ക് എന്തു തുകയാണ് അനുവദിച്ചതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിപ്രകാരം ചെലവിടേണ്ട തുക എന്നാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചതെന്നും ഏതൊക്കെ തീയതിയിൽ എന്തു തുക വീതം ചെലവിട്ടു എന്നും വെളിപ്പെടുത്തുമോ ;

(സി) ഓരോ ജില്ലയിലും എത്രപേർക്ക് എന്തുതുക വീതം ഈ പദ്ധതി പ്രകാരം നൽകി ; ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഡി) പദ്ധതിപ്രകാരം അനുവദിച്ച തുക ട്രഷറിയിൽ നിന്നും പിൻവലിച്ചശേഷം എത്ര ദിവസം കൈവശം വയ്ക്കുന്നതിനാണ് അനുമതി നൽകിയതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പുകളിൽ നിന്നും വായ്പ അനുവദിക്കാറില്ല. എന്നാൽ വീട് വയ്ക്കുന്നതിന് പലിശരഹിത ഭവനനിർമ്മാണ വായ്പ നൽകുന്നുണ്ട്. ഈ ഇനത്തിൽ പട്ടികജാതി വികസനവകുപ്പിൽ 2002-03-ൽ 2,30,000 രൂപ 5 പേർക്ക് അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പിൽ. നിന്നും വീട് വെയ്ക്കുന്നതിന് 2002-03-ൽ 40,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) പട്ടികജാതി വികസനവകുപ്പിൽ നിന്നും തിരുവനന്തപുരം ജില്ലയിലെ ശ്രീ. ബാഹുലേയന് ഒന്നാം ഗഡുവായി 15,000 രൂപ 9-10-2002-ൽ പിൻവലിക്കുകയും 10-10-2002-ൽ നൽകുകയും ചെയ്തു. ഇതിന്റെ രണ്ടാം ഗഡുവായ 25,000 രൂപ 24-1-2003-ൽ പിൻവലിക്കുകയും 21-2-2003-ൽ നൽകുകയും ചെയ്തു. ഇടുക്കി ജില്ലയിലെ ശ്രീ. എം. കെ. രമേശന് ആദ്യഗഡുവായ 30,000 രൂപ 20-3-2003-ൽ പിൻവലിക്കുകയും 29-3-2003-ൽ നൽകുകയും ചെയ്തു.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ഈ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ അനുവദിച്ചിരുന്ന 20,000 രൂപ 22-3-2003-ൽ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും താഴെപറയുന്ന തീതയികളിൽ പ്രസ്തുത തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

4-4-2003	...	8,000 രൂപ
26-5-2003	...	6,000 രൂപ
26-6-2003	...	9,300 രൂപ
11-7-2003	...	3,300 രൂപ

വയനാട് ജില്ലയ്ക്ക് അനുവദിച്ചിരുന്ന 13,400 രൂപ 24-3-2003-ന് ട്രഷറിയിൽ നിന്നും പിൻവലിക്കുകയും ടി തുക വിനിയോഗിക്കാത്തതിനെ തുടർന്ന് 5-4-2003-ൽ ട്രഷറിയിൽ തിരിച്ചടയ്ക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികജാതി വികസന വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ ശ്രീ. ബാഹുലേയന് 40,000 രൂപയും ഇടുക്കി ജില്ലയിലെ ശ്രീ. എം. കെ. രമേശന് 30,000 രൂപയും നൽകി. പട്ടികവർഗ്ഗ വികസന വകുപ്പിൽ തിരുവനന്തപുരം, വയനാട് ജില്ലകളിൽ മാത്രമേ തുക അനുവദിച്ചു നൽകിയിരുന്നുള്ളൂ. തിരുവനന്തപുരം ജില്ലയിൽ അനുവദിച്ചിരുന്ന 26,600 രൂപ രണ്ട് പേർക്ക് നൽകി.

(ഡി) ഭവന നിർമ്മാണത്തിന് വായ്പ ഗഡുക്കളായാണ് അനുവദിക്കുന്നത്. നിർമ്മാണ പുരോഗതി വിലയിരുത്തിയശേഷം മാത്രമേ ഓരോ ഗഡുവും അനുവദിച്ചു നൽകുവാൻ കഴിയുകയുള്ളൂ. അതിനാൽ ഈ തുക കൈവശം വെയ്ക്കുന്നതിന് ഒരു സമയപരിധി നിശ്ചയിക്കാനാവില്ല. എന്നാൽ ഒരു സാമ്പത്തികവർഷം അനുവദിക്കുന്ന തുക അതേ സാമ്പത്തികവർഷം ചെവഴിക്കണമെന്ന വ്യവസ്ഥയുണ്ട്.

പട്ടികജാതി കോളനികളിലേക്കും ആദിവാസി ഊരുകളിലേക്കും ഗതാഗതസൗകര്യം ലഭ്യമാക്കുന്നതിന് നടപടി

73 (4014) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത സൗകര്യമില്ലാത്ത പട്ടികജാതി കോളനികളിലേക്കും ആദിവാസി ഊരുകളിലേക്കും ഗതാഗതസൗകര്യം ലഭ്യമാക്കുന്നതിന് റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുക ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചെലവഴിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; അവ ഏതെല്ലാമാണ് ;

(ഡി) കണ്ണൂർ ജില്ലയിൽ ഭരണാനുമതി ലഭ്യമായ ഏതെല്ലാം റോഡുകളുടെ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റോഡ് നിർമ്മാണം ഗതാഗതാ സൗകര്യമൊരുക്കൽ എന്നീ പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി എസ്.ഡി.പി.യുടെ മുന്നിൽ രണ്ട് തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 31-5-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 54/2003/പ്ലാനിംഗ് പ്രകാരം 2003-04 വാർഷിക പദ്ധതിയിൽ പട്ടികവർഗ്ഗ ഉപപദ്ധതിപ്രകാരം റോഡ് നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് മാത്രം ഉപയോഗമുള്ള നടപ്പാലങ്ങൾ നിർമ്മിക്കാവുന്നതാണ്. ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് പട്ടികജാതി വികസന വകുപ്പിൽ നിന്നും മായിൻ ചേരി പട്ടികജാതി റോഡ് ടാറിംഗിനായി 4,30,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളും പൊതുമരാമത്ത് വകുപ്പും പ്രാദേശികമായ ആവശ്യങ്ങൾ പരിഗണിച്ച് ആദിവാസി കോളനികളിലേക്ക് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly